**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 480 **30.06.2016**-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി ഭവനനിർമ്മാണം, കുടിവെള്ളം, വൈദ്യുതി, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദാംശങ്ങൾ നൽകാമോ; | (എ) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കായി ഭവനനിർമ്മാണത്തിന് വകുപ്പ് വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ട്. കുടിവെള്ളം, വൈദ്യുതി, മറ്റടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനായി വകുപ്പിന്റെ കോർപ്പസ് ഫണ്ട് ജില്ലാ തലത്തിൽ അനുവദിക്കാറുണ്ട്. തദ്ദേശ സ്ഥാപനങ്ങൾ വഴിയും പദ്ധതി നടപ്പിലാക്കി വരുന്നു. ടി ആവശ്യങ്ങൾക്കായി പ്രത്യേക പദ്ധതി തയ്യാറാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ബി) | പട്ടികജാതി കോളനികൾ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്ന പദ്ധതി പല കോളനികളിലും തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പൂർത്തീകരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി ഏറ്റെടുത്തിരിക്കുന്ന വിവിധ ഏജൻസികളുടെ യോഗം വിളിച്ചു ചേർക്കുകയും അടിയന്തിരമായി പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

Rashudas

സെക്ഷൻ ഓഫീസർ